"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം ജില്ലയിലെ കടുവാമുഴി പി.എം.എസ്.എ.പി.ടി.എം എൽ.പി.എസ്-ലെ എൽ.ജി അറബിക് നിയമനാംഗീകാരം നിരസിച്ചതിനെതിരെ ശ്രീ.അർഷദ്.പി.അഷറഫ് സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

G.O.(Rt)No.4278/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:- 1. ശ്രീ. അർഷദ്.പി. അഷറഫ് സർക്കാരിലേക്ക് സമർപ്പിച്ച 12.07.2024-ലെ അപേക്ഷ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.09.2024-ലെ എഫ്2/19483/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കടുവാമുഴി പി.എം.എസ്.എ.പി.ടി.എം എൽ.പി.എസ്-ലെ എൽ.ജി അറബിക് അദ്ധ്യാപകനായ ശ്രീ. അർഷദ്.പി. അഷറഫ് 11.10.2022 മുതൽ സേവനത്തിൽ തുടർന്ന് വരുന്നതും നിയമിക്കപ്പെടാൻ ആവശ്യമായ യോഗ്യത നേടിയ അദ്ധ്യാപകനാണെന്നും, എന്നാൽ KER അദ്ധ്യായം 21 ചട്ടം (7) 2 ലെ വ്യവസ്ഥകൾ പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 വ്യവസ്ഥ ബാധകമാണെന്നതിനാൽ ഇതിനെതിരെ സ്കൂൾ മാനേജ്മെന്റ് സമർപ്പിക്കപ്പെട്ട അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, സുപ്രീം കോടതി അന്തിമവിധി പുറപ്പെടുവിക്കാതെ അനിശ്ചിതത്വത്തിലാണെന്നും, ഈ സാഹചര്യത്തിൽ റെഗുലറായി അദ്ധ്യാപനം നിർവ്വഹിച്ച് ദിവസ വേതനം പോലും ലഭിക്കാതെ മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ച തങ്ങൾക്ക് വേതനം ലഭിക്കുന്നതിന് സഹായകമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് സമാശ്വാസ നടപടി സ്വീകരിക്കണമെന്നും, 2019-2020 വരെ അധിക തസ്തികയിൽ നിയമിതരായ സംസ്ഥാനത്തെ അദ്ധ്യാപകർക്ക് 4/2021 സർക്കാർ ഉത്തരവിലൂടെ ലഭിച്ച പരിഗണന തങ്ങളുടെ കാര്യത്തിലും ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) അപേക്ഷ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കടുവാമൂഴി പി.എം.എസ്.എ.പി.ടി.എം. എൽ.പി സ്കൂളിൽ 2022-23 വർഷം ലഭ്യമായ അധിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തികയിൽ ശ്രീ അർഷദ് പി അഷറഫ് -നെ 11.10.2022 മുതൽ തുടർച്ചയായി മാനേജർ നിയമിച്ചു. കടുവാമൂഴി പി.എം.എസ്.എ.പി.ടി.എം. എൽ പി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. കൂടാതെ ടി സ്കൂൾ ന്യൂ സ്കൂൾ

വിഭാഗത്തിലും ഉൾപ്പെടുന്നു. കെ ഇ ആർ അധ്യായം 21 ചട്ടം 7(3) ലെ വ്യവസ്ഥ പാലിച്ചിട്ടുണ്ട്. എന്നാൽ അധിക തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട കെ ഇ ആർ അധ്യായം 21 ചട്ടം 7(2) ലെ വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടുള്ളതായി കാണുന്നില്ല, 29.01.2016 ലെ G.O(P) No.29/2016 പ്രകാരമുള്ള അഫിഡവിറ്റിൽ നിയമന തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. അഫിഡവിറ്റിൽ മാനേജർ മേലൊപ്പ് വെക്കേണ്ടതുമാണ്. നിശ്ചിത മാതൃകയിലുള്ള സ്വഭാവ സർട്ടിഫിക്കറ്റ് അല്ല ഹാജരാക്കിയിരിക്കുന്നത്. (Certificate of character and antecedents ആണ് സമർപ്പിക്കേണ്ടത്) കൂടാതെ 2 വർഷത്തെ പരിചയം മാത്രമേ കാണിച്ചിട്ടുള്ളൂ. സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും രേഖപ്പെടുത്തിയിട്ടില്ല, ജോയിനിംഗ് റിപ്പോർട്ടിൽ നിയമന തീയതി വ്യത്യാസപ്പെട്ടിരിക്കുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഈ നിയമനത്തിനും ബാധകമാണ് എന്നിങ്ങനെ പല കാരണങ്ങളാൽ ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു. തുടർന്ന് മാനേജർ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ തന്നെ നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ച അപ്പീലിൽ കെ ഇ ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരമുള്ള വ്യവസ്ഥകൾ അന്തിമ സുപ്രീം കോടതി ഉത്തരവിന് വിധേയമായും ഈ മാനേജ്മന്റ് പാലിക്കുന്നതാണെന്നും ആകയാൽ ശ്രീ അർഷദ് പി അഷ്റഫ് ന്റെ അധിക തസ്തികയിലെ എൽ. ജി അറബിക് ടീച്ചർ നിയമനത്തിന് നിയമനത്തീയതിയായ 11.10.2022 മുതൽ പ്രാബല്യം നൽകികൊണ്ട് അന്തിമ കോടതി ഉത്തരവിന് വിധേയമായി എന്ന വ്യവസ്ഥയോടെ തുടർച്ചയായി നിയമനം അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ഈരാട്ടുപേട്ട ഉപജില്ലാ ഓഫീസർക്ക് നൽകണമെന്നതായിരുന്നു ആവശ്യം.

3) ഭിന്നശേഷി സംവരണം പാലിക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി ഉദ്യോഗാർത്ഥി ആയ ശ്രീമതി സീമ ഉണ്ണികൃഷ്ണനെ മാനേജർ എൽ പി എസ് ടി തസ്തികയിൽ 15.06.2023 മുതൽ നിയമിച്ചതായും, ടി നിയമനം 15.06.2023 മുതൽ തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകിയിട്ടുള്ളതായും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തികയിലാണ് ശ്രീ അർഷദ് പി അഷറഫ് നെ 11.10.2022 മുതൽ നിയമിച്ചിട്ടുള്ളത്. ടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളിന്റെ ഗണത്തിൽ ഉൾപ്പെടുന്നതാണ്. കെ ഇ ആർ അദ്ധ്യായം 21 ചട്ടം 7 (3) പ്രകാരമുള്ള സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടുണ്ട്. എന്നാൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് കെ ഇ ആർ അദ്ധ്യായം 21 ചട്ടം 7 (2) ലെ വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടില്ല. പ്രസ്തുത ചട്ട പ്രകാരം സംരക്ഷിതാദ്ധ്യാപകനെ ആവശ്യപെട്ട് വിദ്യാഭ്യാസ ഉപഡയറകർക്ക് കത്ത് നൽകിയതായും അപ്പീലിൽ പരാമർശിക്കുന്നില്ല. 2019-20 വരെ അധിക തസ്തികയിൽ നിയമിച്ചവർക്ക് കെ ഇ ആർ അദ്ധ്യായം 21 ചട്ടം 7 (2) ലെ വ്യവസ്ഥകൾ, ബഹു. ഹൈക്കോടതി, ബഹു. സുപ്രീം കോടതി എന്നിവിടങ്ങളിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി, പാലിച്ചു കൊള്ളാമെന്ന് മാനേജർമാർ സത്യവാങ്മൂലം സമർപ്പിയ്ക്കുന്ന പക്ഷം അംഗീകാരം നൽകുവാൻ 06.02.2021 ലെ സ.ഉ (അച്ചടി) 4/2021/പൊ.വി.വ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ശ്രീ അർഷദ് പി അഷറഫിന്റെ നിയമനം 2022-23 ലെ അധിക തസ്തികയിൽ ആയിരുന്നതിനാൽ മേൽ സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും

നിരസിച്ചിട്ടുണ്ട്.

4) 2022-23 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തികയിൽ 11.10.2022 മുതൽ നിയമിച്ചിട്ടുള്ള ശ്രീ അർഷദ് പി അഷറഫിന്റെ നിയമനം അധിക തസ്തികയിൽ ആയതിനാൽ 06.02.2021 ലെ സ.ഉ (അച്ചടി) 4/2021/പൊ.വി.വ സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല, ആയതിനാൽ 2019-2020 വരെ അധിക തസ്തികയിൽ നിയമിതരായ സംസ്ഥാനത്തെ അദ്ധ്യാപകർക്ക് 4/2021 സർക്കാർ ഉത്തരവിലൂടെ ലഭിച്ച പരിഗണന തങ്ങളുടെ കാര്യത്തിലും ഉണ്ടാകണമെന്ന ഹർജിക്കാരന്റെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ പരാമർശം (1) അപേക്ഷ നിരസിച്ചുക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
UNDER SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഈരാറ്റുപേട്ട.
ശ്രീ.അർഷദ്.പി. അഷറഫ്, എൽ.ജി അറബിക് അദ്ധ്യാപകൻ, പി.എം.എസ്.എ പി.ടി.എം എൽ.പി.എസ്, കടുവാമുഴി, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 28-06-2025 13:18:33